# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2618.  09-05-2017 ൽ മറുപടിയ്ക്ക്

## ആലത്തൂർ മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽകൃഷിഭൂമി

**ചോദ്യം**
ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിരമായി എത്ര ഏക്കർ കൃഷിഭൂമി നെൽ കൃഷി ചെയ്യാതെ തരിശായി കിടക്കുന്നുണ്ട് എന്ന കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിരമായി നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമിയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ആലത്തൂർ | 37.5 ഏക്കർ |
| എരിമയൂർ | 12.5 ഏക്കർ |
| കിഴക്കഞ്ചേരി | 12.5 ഏക്കർ |
| മേലാർകോട് | 5.43 ഏക്കർ |
| വണ്ടാഴി | 12.5 ഏക്കർ |
| കുഴൽമന്ദം | 96.5 ഏക്കർ |
| തേങ്കുറുശ്ശി | 2.5 ഏക്കർ |

| | | | |
|---|---|---|---|
| (ബി) | ഈ നിലങ്ങളിൽ കൃഷി ഇറക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | കൃഷിഭൂമി തരിശിടുന്ന പ്രവണത ഒഴിവാക്കുന്നതിനായി കൃഷിഭവനുകൾ കർഷകർക്കായി ബോധവൽക്കരണ പരിശീലന പരിപാടികൾ നടത്തിവരുന്നു. ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി, ആത്മ പദ്ധതി എന്നിവ മുഖേനയും കർഷകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പഞ്ചായത്തുതലത്തിൽ കുടുംബശ്രീ, കർഷക ഗ്രൂപ്പുകൾ മുഖേന തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്തു വരുന്നുണ്ട്. കാർഷികകർമ്മ സേന, അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന തരിശുഭൂമി കൃഷി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തരിശുനില കൃഷി പ്രോത്സാഹന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും കർഷകർക്ക് നൽകി വരുന്നുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഹരിതകേരളം മിഷന്റെ കൂടി ഭാഗമാക്കി ആലത്തൂർ മണ്ഡലത്തിലെ തരിശുനിലവും കൃഷിയോഗ്യമാക്കി മാറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ